# ഓസോൺ ദിനാചരണം

**കോയമ്പത്തൂർ ▸** കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങിലെ എൻവിസ് കേന്ദ്രം ഓസോൺദിനം ആചരിച്ചു.

ഓസോൺപാളിയുടെ സംരക്ഷണം മുൻനിർത്തി ഐക്യരാഷ്ട്രസഭാംഗ രാജ്യങ്ങൾ ഒപ്പുവെച്ച മോൺട്രിയൽ ഉടമ്പടിയുടെ 32-ാം വാർഷികദിനമായ സെപ്റ്റംബർ 16-നായിരുന്നു പരിപാടി.

എൻവിസ് കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ ഡയറക്ടർ ഡോ. എസ്. മുരുകേശൻ മോൺട്രിയൽ ഉടമ്പടിയെപ്പറ്റി സംസാരിച്ചു.

ഓസോൺപാളിക്ക് ഭീഷണിയാവുന്ന വസ്തുക്കളെപ്പറ്റി സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻ സി.എസ്. വാര്യർ സംസാരിച്ചു.

മന്ത്രാലയത്തിനുവേണ്ടി സംഗീതം നൽകി തയ്യാറാക്കിയ സംസ്കൃതത്തിലുള്ള പ്രകൃതിവന്ദനം അദ്ദേഹം ആലപിച്ചു. ഓസോൺ ബോധവത്കരണ പോസ്റ്ററും പുറത്തിറക്കി. സ്കൂൾ, കോളേജ് വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.



▶ ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി ബോധവത്കരണ പോസ്റ്റർ പുറത്തിറക്കിയപ്പോൾ